ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എസിഡി./എസ്.പി.സി (2)/3933/എഫ്.ഡി.പി/2011-2012 തീയതി : 04/08/2011**

# ഹയർ സെക്കന്ററി 2011 ലെ ഒന്നാംപാദ വാർഷിക പരീക്ഷ

## വിജ്ഞാപനം

വിഷയം : അധ്യയന വർഷം 2011-2012 - പന്ത്രണ്ടാം ക്ലാസ്സിലെ ഒന്നാംപാദ വാർഷിക പരീക്ഷ - ആഗസ്റ്റ് 22 -27 - പ്രിൻസിപ്പൽമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

നടപ്പു അധ്യയന വർഷത്തിലെ (2011-2012) പന്ത്രണ്ടാം ക്ലാസ്സിലെ ഒന്നാംപാദ വാർഷിക പരീക്ഷ ആഗസ്റ്റ് 22 മുതൽ 27 വരെ അതത് ഗവൺമെന്റ് /എയ്ഡഡ്/അൺ എയിഡഡ് സ്കൂളുകളിൽ നടത്തുന്നതായിരിക്കും. പരീക്ഷയുടെ സുഗമമായ നടത്തിപ്പിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ പ്രിൻസിപ്പൽമാരും കർശനമായും പാലിക്കേണ്ടതാണ്.

1. പരീക്ഷ പന്ത്രണ്ടാം ക്ലാസ്സിനു മാത്രമായിരിക്കും.
2. പരീക്ഷാ തീയതി ആഗസ്റ്റ് 22 മുതൽ 27 വരെ
3. പരീക്ഷാനടത്തിപ്പിന്റെ ചുമതല അതത് പ്രിൻസിപ്പൽമാർക്കായിരിക്കും.
4. പരീക്ഷ രാവിലെ കൃത്യം 9.30 ന് തുടങ്ങേണ്ടതാണ്. ഓരോ വിഷയത്തിനും പൊതു പരീക്ഷയുടെ സമയദൈർഘ്യം കർശനമായും പാലിക്കേണ്ടതാണ്.
5. ഉച്ചയ്ക്കു ശേഷമുള്ള ക്ലാസ്സുകൾ സാധാരണ ദിവസങ്ങളിലെ ടൈംടേബിളനുസരിച്ച് നടത്തേണ്ടതാണ്.
6. ഹയർ സെക്കന്ററി പോർട്ടലിൽ ലഭ്യമായിട്ടുള്ള ചോദ്യങ്ങളിൽ നിന്ന് ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലെ യൂണിറ്റുകളനുസരിച്ചുള്ള ചോദ്യങ്ങളാണ് പരീക്ഷയ്ക്ക് ഉൾപ്പെടുത്തേണ്ടത്.
7. ടൈം ടേബിൾ തയ്യാറാക്കുന്ന ചുമതല പ്രിൻസിപ്പൽമാരിൽ നിക്ഷിപ്തമായിരിക്കും.
8. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹഅധ്യാപകരുടേയും ലാബ് അസിസ്റ്റന്റ്/ പ്യൂൺ എന്നിവരുടെയും സേവനം പ്രിൻസിപ്പൽമാർക്ക് ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്/-**
**ഡയറക്ടർ**